## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

ചില്ലുകൾകൊണ്ട് പുറംഭിത്തി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് ദൂരപരിധി

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1544** 11.08.17- **ൽ മറുപടി നൽകേണ്ടത്**

| | ചോദ്യം<br>ശ്രീ.എസ്.ശർമ്മ | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാന പാതയ്ക്ക് സമീപത്തായി പൂർണ്ണമായി ചില്ലുകൾകൊണ്ട് പുറം ഭിത്തി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് പാതയോരത്ത് നിന്നും ദൂരപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ: | (എ) | സംസ്ഥാന പാതയ്ക്ക് സമീപത്തായി പൂർണ്ണമായി ചില്ലുകൊണ്ട് പുറംഭിത്തി നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങൾക്ക് പ്രത്യേകമായി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിബന്ധനകൾ ഏർപ്പെടുത്തിയിട്ടില്ല. കെട്ടിടത്തിന്റെ തരം, ഉയരം, നിലകളുടെ എണ്ണം, ഉപയോഗം മുതലായവ സംബന്ധിച്ച ചട്ടങ്ങൾ ഇത്തരം കെട്ടിടങ്ങൾക്കും ബാധകമാണ്. |
| (ബി) | ഇത്തരം കെട്ടിടങ്ങൾക്ക് വേണ്ട സുരക്ഷാ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | (ബി) | മറ്റ് കെട്ടിടങ്ങൾക്ക് ബാധകമായ സുരക്ഷാ സംവിധാനങ്ങൾക്കു പുറമേ ഇത്തരം കെട്ടിടങ്ങൾക്കായി പ്രത്യേകം സുരക്ഷാ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ